Draft #6 of File AcbI/3/2929/2018 Approved by ASSISTANT REGISTRAR I (ACADEMIC) on 05-Nov-2020 08:49 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ വകുപ്പ് മേധാവി സ്ഥാനം 3 വർഷം കൂടുമ്പോൾ അസോസിയേറ്റ് പ്രൊഫസർമാർക്കിടയിൽ റൊട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുവാനുള്ള നിയമ നിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെടുന്നത് സംബന്ധിച്ച് - അക്കാദമിക് കൗൺസിൽ യോഗത്തിന്റെ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 5217/AC B 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.11.2020

---

*പരാമർശം:*-1. 16.05.2019 തീയതിയിലെ 2073/ACBI/2019/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവ്.

2. 26.07.2019 തീയതിയിലെ 3546/ACBI/2019/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവ്.

3. 07.09.2020 തീയതിയിൽ ചേർന്ന അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ( 13.10.2020 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ (20.05) മിനിറ്റ്സ് ഇനം നമ്പർ 01/20.05/200241 ആയി സമർപ്പിച്ചത്) ഇനം നമ്പർ III, പ്രമേയങ്ങൾ 7 .

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ വകുപ്പ് മേധാവികൾക്ക് 2019-2020 അക്കാദമിക് വർഷം മുതൽ റൊട്ടേഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ്, ഇത് സംബന്ധിച്ച് ആവശ്യമായ നിയമനിർമാണം നടത്തിയതിന് ശേഷം നടപ്പിലാക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

07.09.2020 തീയതിയിൽ ചേർന്ന അക്കാദമിക് കൗൺസിൽ യോഗം പരാമർശം (3) പ്രകാരം "സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ വകുപ്പ് മേധാവി സ്ഥാനം 3 വർഷം കൂടുമ്പോൾ അസോസിയേറ്റ് പ്രൊഫസർമാർക്കിടയിൽ റൊട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുവാനും, അസോസിയേറ്റ് പ്രൊഫസർമാരുടെ അഭാവത്തിൽ സീനിയർ അസിസ്റ്റന്റ് പ്രൊഫസർക്ക് വകുപ്പ് മേധാവി സ്ഥാനം നൽകുവാനുള്ള നിയമ നിർമാണം നടത്തുവാനും ആവശ്യപ്പെടുന്നു" എന്ന പ്രമേയം സഭ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ /പ്രൊ - വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി..
2. . രജിസ്ട്രാറുടെ / പരീക്ഷ കൺട്രോളറുടെ പി.എ.
3. എ.സി.സി.I & II/എ.സി.ബി. II/എ.സി.ബി.V സെക്ഷൻ/എ സി എൽ സെക്ഷൻ .
4. ഐ.ക്യൂ.എ.സി. / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ / സി.ഡി.1 സെക്ഷൻ.
5. റെക്കോർഡ്സ് / കരുതൽ ഫയൽ / ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #6 of File AcbI/3/2929/2018 Approved by ASSISTANT REGISTRAR I (ACADEMIC) on 05-Nov-2020 08:49 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം